കണ്ണൂർ ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ ഇൻസിനറേറ്റർ സ്ഥാപിക്കാൻ സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്.

143 (1503) ആശുപത്രികളിൽ കേടായിക്കിടക്കുന്ന യന്ത്രങ്ങൾ

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ കോളേജാശുപത്രികൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിൽ ഉപയോഗത്തിലുള്ള ഒരു ലക്ഷം രൂപയിൽ അധികം വിലവരുന്ന എത്ര യന്ത്രങ്ങൾ കേടായിക്കിടപ്പുണ്ട്;

(ബി) ഇവ എത്ര കാലമായി കേടായിക്കിടക്കുന്നു;

(സി) യന്ത്രങ്ങൾ കേടായാലുടനെ അവ നന്നാക്കുവാൻ എന്തെല്ലാം ഏർപ്പാടുകൾ നിലവിലുണ്ട്;

(ഡി) ഈ ഏർപ്പാടുകൾ ഉണ്ടായിരുന്നിട്ടും കേടാകുന്ന യന്ത്രങ്ങൾ നന്നാക്കുന്ന കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണമെന്ത്;

(ഇ) ഈ കാലതാമസം ഒഴിവാക്കാനാവശ്യമായ നടപടിക്രമം സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) പർച്ചേസ് ചെയ്യുന്ന യന്ത്രങ്ങൾക്ക് ഗ്യാരണ്ടി പീരീയഡും, കമ്പനിയുമായി മെയിന്റനൻസ് കോൺട്രാക്ടും ഉണ്ടായിരിക്കും. ഗ്യാരണ്ടി പീരീയഡ് കഴിഞ്ഞാൽ മെയിന്റനൻസ് ചെയ്യാൻ പറ്റുന്നവ റിപ്പയർ ചെയ്ത് ഉപയോഗിക്കുകയും, തീരെ ഉപയോഗശൂന്യമാണെങ്കിൽ അവ ലേലത്തിൽ വിൽക്കുകയും ചെയ്യുന്നു. ഉപകരണങ്ങൾ നന്നാക്കുന്നതിന് ഐ.എച്ച്.ആർ.ഡി.യുടെ സേവനം ഉപയോഗിക്കുന്നുണ്ട്. കൂടാതെ അതതു സ്ഥാപനങ്ങളിലെ മേലധികാരികൾക്ക് അധികാരപരിധിയിൽ നിന്നുകൊണ്ട് അംഗീകൃത ഏജൻസികൾ മുഖാന്തിരം ക്വട്ടേഷൻ വ്യവസ്ഥയിൽ ഉപകരണങ്ങൾ നന്നാക്കാം.

(ഡി) യന്ത്രം പർച്ചേസ് ചെയ്ത കമ്പനിയിൽനിന്നും ബന്ധപ്പെട്ടവർ വന്നതിനുശേഷമേ കേടുപാടുകൾ തീർക്കാൻ സാധിക്കുകയുള്ളു. ഇതിന് സാധാരണഗതിയിൽ സമയമെടുക്കാറുണ്ട്.

(ഇ) കാലതാമസം പരമാവധി ഒഴിവാക്കുന്നതിന് ഇപ്പോൾതന്നെ നടപടികൾ സ്വീകരിക്കുന്നുണ്ട്.

144 (1504) പ്രൈമറി ഹെൽത്ത് സെന്ററുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കാൻ നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) 1999-2000-മാണ്ടിൽ എത്ര പ്രൈമറി ഹെൽത്ത് സെന്ററുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇതിനായി കേന്ദ്രസർക്കാരിൽനിന്നും എത്രകോടി രൂപയുടെ ധനസഹായം ലഭ്യമാകും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇരുപത്തിയഞ്ച്.

(ബി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റ റാക്കുന്നതിനും അവയുടെ വികസനത്തിനും വേണ്ടിയുള്ള ചെലവു സംസ്ഥാന പദ്ധതിവിഹിതത്തിൽനിന്നാണ് വഹിക്കുന്നത്.

145 (1505) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം

ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോ ഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളോടനുബ ന്ധിച്ച് ഇൻപേഷ്യന്റ് വാർഡുകൾ ഉണ്ട്;

(ബി) ഇതിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നു;

(സി) എന്ന് മുതലാണ് ഐ.പി. വിഭാഗം പ്രവർത്തിക്കാത്തത്;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സി.എച്ച്. സി., പി.എച്ച്.സി. കളിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിക്കപ്പെട്ടു;

(ഇ) ഏതെല്ലാം സി.എച്ച്.സി., പി.എച്ച്.സി.കളിലാണ് പുതിയ തസ്തികകൾ അനുവദിച്ചത്;

(എഫ്) തസ്തികയുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 369 (മുന്നൂറ്റി അറുപത്തി ഒൻപത്) പ്രാഥമികാരോഗ്യ കേന്ദ്രങ്ങ ളോടനുബന്ധിച്ച് ഇൻപേഷ്യന്റ് വാർഡുകൾ ഉണ്ട്.

(ബി) 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ഇൻപേഷ്യന്റ് വാർഡുകൾ പ്രവർത്തിക്കുന്നു.

(സി) കിടത്തി ചികിത്സ നടത്താൻ ആവശ്യമായ സ്റ്റാഫിന്റെ അപര്യാ പ്തതമൂലം പല കേന്ദ്രങ്ങളിലും പ്രവർത്തനം തുടങ്ങാൻ സാധിച്ചിട്ടില്ല. അതേ കാരണത്താൽതന്നെ മറ്റ് ചില കേന്ദ്രങ്ങളിൽ പ്രവർത്തനം ഇല്ലാതാകുകയും ചെയ്തിട്ടുണ്ട്. ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിന് ആവശ്യമായ സ്റ്റാഫിന്റെ തസ്തിക സൃഷ്ടിക്കാൻ ഒരു കോടി രൂപ ഈ വർഷത്തെ ബഡ്ജ റ്റിൽ നീക്കിവച്ചിട്ടുണ്ട്.

(സി) 329(മുന്നൂറ്റി ഇരുപത്തി ഒൻപത്) തസ്തികകൾ സൃഷ്ടിക്കപ്പെട്ടു.

(ഇ)&(എഫ്) വിശദമായ കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly